## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1299 — 04.12.2014 ൽ മറുപടിക്ക്

## ആട്ടോറിക്ഷ മീറ്റർ ടെസ്റ്റിംഗ്

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) ആട്ടോറിക്ഷകളിൽ ഉപയോഗിക്കുന്ന മീറ്ററുകൾ ടെസ്റ്റ് ചെയ്ത് സീൽ ചെയ്യുന്നതിന് നിലവിൽ ഈടാക്കുന്ന ഫീസ് എത്രയാണെന്ന് വ്യക്തമാക്കുമോ; നിശ്ചിത തീയതിയിൽ ടെസ്റ്റ് നടത്തിയില്ലെങ്കിൽ അഡീഷണൽ ചാർജ്ജായി എത്ര രൂപ അടയ്ക്കണമെന്ന് പറയാമോ; | (എ) ആട്ടോറിക്ഷാ ഫെയർ മീറ്ററിന്റെ മുദ്രഫീസ് 150/- രൂപയാണ്. നിശ്ചിത തീയതി കഴിഞ്ഞാൽ കുടിശികയുള്ള ഓരോ ക്വാർട്ടറിനും 75/- രൂപ വീതം അഡീഷണൽ ഫീസായി അടയ്ക്കേണ്ടതുണ്ട്. |
| (ബി) ടെസ്റ്റ് ഡേറ്റ് കഴിഞ്ഞാൽ പ്രസ്തുത ടെസ്റ്റ് ചെയ്യുന്നതിന് ഫൈനടക്കം വൻ തുകയാണ് ഈടാക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം ഈടാക്കുന്ന തുകയെക്കാൾ കുറവാണ് പുതിയ മീറ്ററുകൾ സ്ഥാപിക്കുന്നതിനു ചെലവാകുന്നത് എന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; | (ബി) ഉപയോഗത്തിനായി കൈവശം വയ്ക്കുന്ന മീറ്റർ ഉൾപ്പെടെയുള്ള അളവുതൂക്ക ഉപകരണങ്ങൾ യഥാസമയം മുദ്ര ചെയ്യാത്തത് 2009 ലെ ലീഗൽ മെട്രോളജി നിയമത്തിന്റെയും (കേന്ദ്ര നിയമം) 2012ലെ കേരള ലീഗൽ മെട്രോളജി (എൻഫോഴ്സ്മെന്റ്) റൂൾസിന്റെ റൂൾ 14 ന്റെ ലംഘനങ്ങളും ആയതിനാൽ ശിക്ഷാർഹമായ കുറ്റവുമാണ്. ഇതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷ ആദ്യ കുറ്റത്തിന് 2000/- മുതൽ 10000/- രൂപ വരെ പിഴയും ആവർത്തിച്ചുള്ള കുറ്റത്തിന് ഒരു വർഷം വരെ തടവും പിഴയും കൂടിയാണ്.<br><br>ഈ കുറ്റകൃത്യം വകുപ്പ് തലത്തിൽ രാജിയാക്കുന്നതിന് കേരള ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് റൂൾസിലെ റൂൾ 28 ഷെഡ്യൂൾ XII, Sl. No.11 പ്രകാരം 2000/- രൂപ പിഴ ഈടാക്കുന്നുമുണ്ട്. |

| | |
|---|---|
| (സി) ആട്ടോമീറ്ററുകൾ റീടെസ്റ്റ് ചെയ്യുന്നതിന് ഫൈൻ ഈടാക്കുന്നതിലൂടെ മീറ്റർ വിൽക്കുന്ന സ്വകാര്യ കമ്പനികളെയാണ് സഹായിക്കുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഇനത്തിലുള്ള അമിത ചാർജ്ജ് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) നിയമപ്രകാരം റൂളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പിഴയാണ് ഈടാക്കുന്നത്. ഇതിന് ഏതെങ്കിലും സ്വകാര്യ കമ്പനികളെ സഹായിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മീറ്റർ വില്പന നടത്തുന്ന സ്ഥാപനങ്ങൾ പി.സി. റൂൾസിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പായ്ക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള M.R.P യേക്കാൾ കൂടുതൽ ചാർജ്ജ് ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് അപ്രകാരം ഉണ്ടെങ്കിൽ ഇങ്ങനെ ചെയ്യുന്നവർക്കെതിരെ നിയമാനുസൃതം നടപടി സ്വീകരിക്കാവുന്നതാണ്. |

[signature]

സെക്ഷൻ ഓഫീസർ